CHASS®

P.B. No. 20
ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

Changanacherry Social Service Society
Registered Under the Travancore-Cochin Charitable Societies Regn. Act XII of 1955 Reg. No. K 44 of 1966
Khadi & Village Industries Commission No. KRL 3347, MSME, Government of India
Regional Resource Training Centre South Zone II (RRTC)

CS/GEN/2021/107 22-01-2021

പ്രിയ അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ!!!**

**ഹരിതസമൃദ്ധി-വളർത്തുകൂട്ടം പദ്ധതിയിൽ കോഴിയും കൂടും വിതരണം**

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ഭക്ഷ്യവിളകൾക്കൊപ്പം മത്സ്യമാംസാദികൾക്കും നിർണ്ണായകസ്വാധീനമുണ്ട്. വീട്ടിലേക്കാവശ്യമായ പാലും മുട്ടയും മാംസവും മത്സ്യവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ചാസ് 'ഹരിതസമൃദ്ധി' യുടെ ഭാഗമായി വളർത്തുകൂട്ടം പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ ഹൈടെക് കോഴിക്കൂട്ടും ഉദ്പ്പാദനക്ഷമത കൂടുതലുള്ള (Bv 380) ഇനം കോഴികളും നാടൻ കോഴികളും വിതരണം ചെയ്തുവരുന്നു. വിവിധ യൂണിറ്റുകളിൽ നിന്നും ഓർഡർ ലഭിക്കുന്നതനുസരിച്ചാണ് സാധാരണ വിതരണം നടത്തുന്നത്. പക്ഷേ വിവിധ യൂണിറ്റുകൾ പലയവസരങ്ങളിൽ ഓർഡർ നൽകുന്നതുമൂലം ചില അസൗകര്യങ്ങൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഭാവിയിൽ വർഷത്തിൽ മൂന്നു പ്രാവശ്യം ഓർഡർ എടുത്ത് മുട്ടക്കോഴി വിതരണം നടത്തുന്നതാണ്.

**നിബന്ധനകൾ**

1. മാർച്ച് 1-10, ജൂലൈ 1-10, നവംബർ 1-10, തീയതികളിലാണ് വിതരണം നടത്തുക.
2. ഓരോ അവസരത്തിലും ഫെബ്രുവരി 15, ജൂൺ 15, ഒക്ടോബർ 15 ന് മുൻപായി ഓർഡർ ലഭിക്കണം.
3. 55-60 ദിവസം പ്രായമുള്ള മുട്ടക്കോഴികളെ ആയിരിക്കും വിതരണം ചെയ്യുക.
4. കോഴിക്കൂട് യൂണിറ്റിൽ ലഭ്യമാക്കുന്നതിന് യൂണിറ്റിൽ നിന്നും കുറഞ്ഞത് 5 എണ്ണമെങ്കിലും ഓർഡർ നൽകണം.
5. കോഴിക്കുഞ്ഞുങ്ങളെ മാത്രം യൂണിറ്റിൽ ലഭ്യമാക്കുന്നതിന് യൂണിറ്റിൽ നിന്നും കുറഞ്ഞത് 100 എണ്ണമെങ്കിലും ഓർഡർ നൽകണം.

| *** കോഴിയും കൂടും** | **മേൽക്കൂരയോടുകൂടി** | **മേൽക്കൂരയില്ലാതെ** |
|---|---|---|
| 25 കോഴിയും കൂടും | Rs. 15,875/- | Rs. 13,875/- |
| 10 കോഴിയും കൂടും | Rs. 10,400/- | Rs. 8,400/- |
| *** കൂട് മാത്രം** | | |
| 25 കോഴിക്കുള്ള കൂട് | Rs. 11,500/- | Rs. 9,650/- |
| 10 കോഴിക്കുള്ള കൂട് | Rs. 8,800/- | Rs. 6,800/- |

| *** കോഴി മാത്രം** | **വില** |
|---|---|
| Bv 380 (55-60 ദിവസം പ്രായം) | Rs. 250 |
| നാടൻ (55-60 ദിവസം പ്രായം) | Rs. 160 |

ഫാ. ജോസഫ് കളരിക്കൽ
ഡയറക്ടർ

NB: കോഴിക്കുഞ്ഞുങ്ങളുടെ വില കൂടുകയും കുറയുകയും ചെയ്യാനുള്ള സാധ്യത വിവിധ സാഹചര്യങ്ങൾ മൂലമുണ്ടാവാം. ഓരോ അവസരത്തിലും ഓർഡർ എടുക്കുമ്പോൾ വില അറിയിക്കുന്നതാണ്. സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Phone : 0481-2402345, 2402735, 9961077388 (Dir), Fax: 0481-2422540, 2401430, E-mail: chass1966@gmail.com, chass1966@rediffmail.com, web:www.chasschry.org.